ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

## PARISH BULLETIN

കൈത്താക്കാലം - 2018

Vol.10 Issue 3



Mathukutty

9447082202

PH: 9747571730
9446204730
9605108007
9048846653

*The Last Word of Taste*

# PARNASALA™

Since 1984

**CATERERS & FOOD SUPPLIERS**

**K.K. Road, Ponkunnam**

**Email: pnkmparnasala@gmail.com**

**web: www.parnasalacaterers.com**







*Stage & Hall Arrangement*
*Event Management*

# ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | - | 2 |
| ഇടയമൊഴി | - | 3 |
| വിളക്ക് | - | 5 |
| ഇടവക വിശേഷങ്ങളിലൂടെ | - | 7 |
| നിയമബോധനം | - | 14 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | - | ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | - | ഫാ. എബി. വാണിയപ്പുരയ്ക്കൽ | 8547280056 |
| സബ് എഡിറ്റേഴ്സ് | - | റോബിൻ കട്ടിക്കാരൻ | 9446602386 |
| | - | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |



Published by : The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368

Layout & Printing: General Offset Ponkunnam
Ph: 222564, 9495496974

2018 ജൂലൈ ലക്കം

## മുഖമൊഴി

ശക്തമായ മഴ, ഭക്ഷണം കഴിക്കുവാൻ ഹോട്ടലിൽ കയറി. തൊട്ടടുത്ത കസേരകളിൽ പ്രായംചെന്ന ഒരു അപ്പനും അമ്മയും ചൂടുചായ ഊതി കുടിക്കുന്നു. ഇടയ്ക്കിടയ്ക്ക് കണ്ണുനീർ തുടക്കുന്നുമുണ്ട്.

എതിർവശത്തെ  മേശയിൽ സ്വന്തം കുഞ്ഞിനെ ഓമനിച്ച് ഭക്ഷണം കഴിപ്പിക്കുന്ന യുവ മാതാപിതാക്കൾ. ആ രംഗം വീക്ഷിക്കുന്ന വൃദ്ധരായ മാതാപിതാക്കൾക്ക് ഏതോ ഭൂതകാല സ്മരണകളിലേയ്ക്ക് ഊളിയിടുന്ന മുഖഭാവം.

കാര്യം തിരക്കി.

ആലപ്പുഴയിൽ മകളുടെ ഭർത്താവ് മരിച്ചു. ഏക മകന്റെ കാറിൽ ആലപ്പുഴയ്ക്ക് പുറപ്പെട്ടതാണ്. അമ്മ കാറിൽ ഛർദ്ദിച്ചതിനാൽ ഓട്ടോറിക്ഷാ കൂലിയും നൽകി വഴിയിലിറക്കി വിട്ടു ...

അമ്മയ്ക്കും അച്ഛനും സുഖമില്ലാത്തതിനാലാണ് കൊണ്ട് പോരാഞ്ഞതെന്ന് പറഞ്ഞേക്കാമത്രേ!!  വിറയ്ക്കുന്ന കൈകൾ മേശമേൽ ഊന്നി, എഴുന്നേറ്റ് ഇടറുന്ന കാലടികളോടെ കണ്ണുനീരിൽ കുതിർന്ന മന്ദസ്മിതം തൂകിക്കൊണ്ട് പറഞ്ഞു, "തിരിച്ചു പോകാൻ  സമയമായി."

അച്ഛൻ ... അമ്മ ... എത്ര മധുരമുള്ള നാമങ്ങൾ .... പക്ഷെ പല മക്കളും ആ മധുരം നുണയുന്നില്ല ... അവർ നമ്മെ വിട്ടുപോയിക്കഴിയുമ്പോൾ ഒരു ദിവസം കൂടി കിട്ടിയിരുന്നെങ്കിൽ അവരെ കൂടുതൽ സ്നേഹിക്കാമായിരുന്നവെന്ന് വിലപിച്ചിട്ടു കാര്യമില്ല. ഇന്ന് സ്നേഹിക്കുക. ഇപ്പോൾതന്നെ സ്നേഹിച്ചു തുടങ്ങുക.






ഈശോയിൽ പ്രിയ സ്നേഹിതരേ,

ആരാധനാവത്സരത്തിലെ കൈത്താക്കാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. ശ്ലീഹന്മാരുടെ പ്രഘോഷണ ഫലമായി നട്ടുവളർത്തപ്പെട്ട സഭാവൃക്ഷം പടർന്നു പന്തലിച്ച് ഫലം ചൂടി നിൽക്കുന്നതിനെയാണ് കൈത്താക്കാലം അനുസ്മരിപ്പിക്കുന്നത്. ഫലാഗമ കാലമെന്നും ഈ കാലത്തിന് പേരുണ്ട്.

സഭാംഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ് എന്നതിനെക്കാൾ സഭാമക്കളുടെ ആത്മീയ ജീവിതാഭിവൃദ്ധിയാണ് സഭയുടെ വളർച്ചയുടെ യഥാർത്ഥ അളവുകോൽ. വിശ്വാസവും സ്നേഹവും ശരണവും ഇതരപുണ്യങ്ങളുംകൊണ്ട് ഓരോരുത്തരുടെയും ജീവിതം സമ്പന്നമാക്കപ്പെടുകയും അലംകൃതമായിത്തീരുകയും ചെയ്യുമ്പോഴാണ് സഭാതരു ഫലം ചൂടുന്നത്.

ശ്ലീഹാക്കാലത്തിനും ഏലിയാ-സ്ലീവാ-മൂശാക്കാലത്തിനും ഇടയ്ക്കാണ് കൈത്താക്കാലത്തിന്റെ സ്ഥാനം. ശ്ലീഹാക്കാലം സഭയുടെ ആരംഭകാലത്തെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു. ഏലിയാ-സ്ലീവാ-മൂശാക്കാലമാകട്ടെ വരാനിരിക്കുന്ന അന്തിമ സമയത്തെക്കുറിച്ചും. ഇവയ്ക്ക് മദ്ധ്യത്തിൽ വരുന്ന കൈത്താക്കാലം വർത്തമാനകാലസഭയുടെ കാലത്തെയാണ് പ്രതിനിധീകരിക്കുന്നത്. അതായത് നാം ഇപ്പോൾ ആയിരിക്കുന്ന കാലഘട്ടത്തെ.

നമ്മുടെ ഓരോരുത്തരുടെയും ആത്മീയ ജീവിത വളർച്ചയാണ് ഈ കാലഘട്ടത്തിലെ സഭയുടെ വളർച്ചയുടെ അടിസ്ഥാനം. കൂദാശകൾ അടുക്കലടുക്കൽ സ്വീകരിച്ചുകൊണ്ടും വചനത്തിന് കാതും ഹൃദയവും തുറന്നുകൊടുത്തുകൊണ്ടുമാണ് ഓരോരുത്തരും ആത്മീയമായി വളരേണ്ടത്. നമ്മുടെ ജീവിതമാണ് ആത്മീയഫലങ്ങൾ കൊണ്ട് അലംകൃതമാകേണ്ടത്.

പലവിധ പ്രയാസങ്ങളിലൂടെയും എതിർപ്പുകളിലൂടെയും കടന്നുപോകുന്ന സഭയിൽ ഉറച്ച വിശ്വാസത്തോടും തികഞ്ഞ സ്നേഹത്തോടും കൂടി ജീവിച്ചുകൊണ്ട് ഉത്തമ ശിഷ്യരായി നില കൊള്ളാൻ കർത്താവ് നമ്മെ ശക്തിപ്പെടുത്തട്ടെ. അവിടുത്തേയ്ക്ക് പ്രിയംകരങ്ങളായ സുകൃതങ്ങൾ നമ്മിലും നമ്മുടെ കുടുംബങ്ങ ളിലും നിറഞ്ഞ് പരിമളം പരത്താൻ ഇടയാകട്ടെ.

സ്നേഹത്തോടെ

**ഫാ. ജോസഫ് വെള്ളമറ്റം** (വികാരിയച്ചൻ)

## അനുമോദനങ്ങൾ!! ആശംസകൾ!!!

### നമ്മുടെ ഇടവകയിലെ പുതിയ കൈക്കാരന്മാർ



**പി.എം. ജോൺ**
പന്തിരുവേലിൽ



**മാത്തുക്കുട്ടി**
തൊമ്മിത്താഴെ



**എ.റ്റി. ജോസഫ്**
അത്തിയാലിൽ



**ജോജി ജോർജ്ജ്**
മണിയങ്കേരിൽ



**വർഗ്ഗീസ്**
മുതുപ്ലാക്കൽ
**പാരിഷ് കൗൺസിൽ സെക്രട്ടറി**

## വിളക്ക്



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

ശ്ലീഹന്മാരുടെ പ്രേഷിത ചൈതന്യം ഉൾക്കൊണ്ട് സ്വഭാവത്താലെ പ്രേഷിതയായ സഭ, ക്രിസ്തുവിനെ ലോകത്തിനു പ്രകാശിതമാക്കിയ ശ്ലീഹാക്കാലം പൂർത്തിയായിരിക്കുന്നു. ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും പ്രേഷിത പ്രവർത്തനഫലമായി ലോകമെങ്ങും വളർന്നു പന്തലിച്ച് രക്ഷയുടെ ഫലം ചൂടി നില്ക്കുന്ന സഭയെ അനുസ്മരിക്കുന്ന കൈത്താക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാളും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളും ഈ കാലത്തിലാണ് നാം ആചരിക്കുന്നത്. ഈശോയെ കണ്ടും കേട്ടും തൊട്ടും അനുഭവിച്ചറിഞ്ഞ, വിശ്വാസത്തിന് ധീരസാക്ഷ്യം നൽകിയ അവരുടെ ജീവിതമാതൃക ഉൾക്കൊണ്ട് സഭയിൽ ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള വലിയ ഉത്തരവാദിത്വവും കടമയും നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു കാലഘട്ടം കൂടിയാണിത്. ഏവർക്കും ദുക്റാനത്തിരുനാളിന്റെയും സ്വർഗ്ഗാരോപണത്തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

മുറ്റത്തു മീൻവെട്ടിക്കൊണ്ടിരിക്കുകയാണ് വല്യമ്മച്ചി. ജൂലിമോൾ ഓടി വല്യമ്മച്ചിയുടെ അരികെലെത്തി. കയ്യിൽ മാതാവിന്റെ ഒരു ചിത്രമുണ്ട്. “വല്യമ്മച്ചി, ഇതുകണ്ടോ ? ദൈവവചനം പറഞ്ഞതിന് വികാരിയച്ചൻ സമ്മാനം തന്നതാ”. “കൊള്ളാം, മിടുക്കി, ഇനിയും കൂടുതൽ വചനങ്ങൾ പഠിച്ച് സമ്മാനം വാങ്ങണം” വല്ല്യമ്മച്ചി പറഞ്ഞു. ജൂലിമോൾ ചോദിച്ചു, “ഈ ചിത്രത്തിലെ മാതാവിന്റെ കൈയ്യിൽ ഉണ്ണീശോ ഇല്ലല്ലോ, കുറെ മാലാഖമാർ മാതാവിന്റെ വസ്ത്രത്തിൽ പിടിച്ചിട്ടുണ്ട്, അതെന്താ അമ്മച്ചീ” ? “ഇത് മാതാവ് സ്വർഗ്ഗാരോപിതയായ ചിത്രമാണ്”. ‘എന്നുവെച്ചാൽ’ ? “മാതാവ് ഈ ഭൂമിയിൽ യാതൊരു പാപവും ചെയ്യാതെ പരിശു

ദ്ധയായിട്ടാണ് ജീവിച്ചത്. മാതാവിനു ജന്മപാപം പോലുമില്ലായിരുന്നു". "അതുകൊണ്ടല്ലേ മാതാവിനെ അമലോത്ഭവ എന്നു വിളിക്കുന്നത്" ? ജൂലിമോൾ ഇടയ്ക്കുകയറി ചോദിച്ചു. "അതെ, പരിശുദ്ധയായ തന്റെ അമ്മയെ മരണശേഷം ഈശോ ഉടലോടെ സ്വർഗ്ഗത്തിലേക്കു കരേറ്റി." "ഈശോ സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ മാലാഖമാരില്ലായിരുന്നല്ലോ?" ജൂലിമോളുടെ സംശയം തീരുന്നില്ല. " ഈശോ ദൈവമായിരുന്നതുകൊണ്ട് തനിയെ സ്വർഗ്ഗാരോഹണം ചെയ്യാൻ ശക്തിയുണ്ടായിരുന്നു. മാതാവ് മനുഷ്യവ്യക്തിയായതുകൊണ്ട് സ്വയം സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് ദൈവം മാലാഖമാരെ അയച്ച് മാതാവിനെ സ്വർഗ്ഗത്തിലേക്ക് കരേറ്റിയത്." "അപ്പോൾ മനുഷ്യരായ നമുക്കും സ്വർഗ്ഗത്തിൽ പോകാമല്ലോ ?". "തീർച്ചയായും, നന്മ ചെയ്തും പാപം ചെയ്യാതെയും ജീവിച്ചാൽ. പക്ഷെ അതു മാതാവിന്റെ സ്വർഗ്ഗാരോപണം പോലെയല്ല. മാതാവ് ഉടലോടെയാണ് സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ടത്. നമ്മുടെ ശരീരം മണ്ണിൽ അലിഞ്ഞുപോകും, ആത്മാവാണ് സ്വർഗ്ഗത്തിലേക്ക് പോകുന്നത്". ജൂലിമോൾ ചോദിച്ചു; "അപ്പോഴും ഈശോയെ കാണാൻ സാധിക്കുമോ" ? "തീർച്ചയായും". അതുമതി, "മാതാവേ എന്നെ സ്വർഗ്ഗത്തിൽ കൊണ്ടുപോകണമേ". ജൂലിമോളുടെ പ്രാർത്ഥന കേട്ട് വല്ല്യമ്മച്ചി ചിരിച്ചുപോയി.

പ്രിയമുള്ളവരേ, സഭയുടെ മാതാവും ക്രൈസ്തവ ജീവിതത്തിന്റെ നിറവുറ്റ മാതൃകയുമായ പരി. അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാൾ ആചരിക്കുമ്പോൾ നമുക്കും പ്രാർത്ഥിക്കാം. പരി. അമ്മയെപ്പോലെ ആത്മശരീരനൈർമ്മല്യത്തോടെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കമേ എന്ന്. സകലവിധ ഫലങ്ങളും മുടിചൂടി നിൽക്കുന്ന സഭയിൽ, വിശ്വാസപ്രേഷിതരായ വി. തോമാശ്ലീഹായുടെയും പരി. മറിയത്തിന്റെയും ജീവിതമാതൃക നമുക്ക് അനുകരണീയമാക്കാം.

സ്നേഹപൂർവ്വം,
***എബിയച്ചൻ***

## ഇടവക വിശേഷങ്ങളിലൂടെ



## സൺഡേ സ്കൂൾ

1. **അദ്ധ്യയന വർഷാരംഭം**

2018-19 അദ്ധ്യയന വർഷത്തിന് മെയ് 27-ാം തീയതി തുടക്കം കുറിച്ചു. അന്നേദിവസം 10 ന്റെ പരിശുദ്ധ കുർബാനയ്ക്ക് ശേഷം പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയും സ്റ്റാഫ് മീറ്റിംഗും നടത്തി.

2. **അദ്ധ്യാപക സെമിനാർ**

ഫൊറോനാതല അദ്ധ്യാപക സെമിനാർ ജൂൺ 17-ാം തീയതി നമ്മുടെ ഇടവകയിൽ വച്ച് നടന്നു.

3. **ദുക്റാനതിരുനാൾ**

നമ്മുടെ പിതാവായ മാർത്തോമാമാശ്ലീഹായുടെ ദുക്റാന തിരുനാൾ ജൂലൈ 3-ാം തീയതി സമുചിതമായി ആചരിച്ചു.

4. **ലോഗോസ് ക്വിസ്**

ഈ വർഷത്തെ ലോഗോസ് ക്വിസിനു ചേരാൻ താല്പര്യമുള്ളവർ ജൂലൈ 22-ാം തീയതിയ്ക്കകം സൺഡേ സ്കൂൾ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. **സ്വാഗതം**

ഈ വർഷം നമ്മുടെ ഇടവകയിലെ വിശ്വാസ പരിശീലന രംഗത്തെ സഹായിക്കുവാനായി വടവാതൂർ സെമിനാരിയിൽ നിന്ന് കടന്നുവന്നിരിക്കുന്ന ബ്രദർ ജീവൻ മഠത്തിലിന് ഹൃദ്യമായ സ്വാഗതം !

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## മാതൃവേദി

1. നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് എസ്.എച്ച്. യു.പി സ്കൂളിന് 10,000 രൂപാ സംഭാവന നൽകി.
2. ഫൊറോനാ മതാദ്ധ്യാപക സെമിനാറിന് വേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തു.
3. ദുക്റാനതിരുനാളിനോടനുബന്ധിച്ച് പള്ളിയിലെ വിളക്ക് തേച്ചു.
4. ബഹുമാനപ്പെട്ട സിസ്റ്റർ റോസ്‌ലിറ്റ് പാലമുറി അമ്മമാർക്ക് സുറിയാനി ക്രിസ്ത്യാനികളുടെ പാരമ്പര്യത്തെപ്പറ്റി ക്ലാസെടുത്തു.

**ബിന്ദു റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)**

## വിൻസെൻഷ്യൻ വേദി

ചികിത്സാ സഹായമായി 8 പേർക്കായി 37000/- രൂപയും വിദ്യാഭ്യാസ സഹായമായി 3 പേർക്ക് 13500/- രൂപയും ഭവനനിർമ്മാണത്തിനായി 47028/- രൂപയും കഴിഞ്ഞ മാസം ചിലവഴിക്കുകയുണ്ടായി. 27-5-18 ൽ ഇളങ്ങുളം ഏരിയാ കൗൺസിലിന്റെ വാർഷിക പൊതുയോഗം ഈ കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. യോഗത്തിൽ കാഞ്ഞിരപ്പള്ളി രൂപതാ സഹായ മെത്രാൻ മാർ ജോസഫ് പുളിക്കൽ അനുഗ്രഹ പ്രഭാഷണം നടത്തുകയുണ്ടായി.

**തോമസ് നരിതൂക്കിൽ (സെക്രട്ടറി)**

## യുവദീപ്തി - S.M.Y.M

1. **ഫുട്ബോൾ ടൂർണമെന്റ്: 2-6-2018**

   പൊൻകുന്നം ഫൊറോന എസ്.എം.വൈ.എം ന്റെ ആഭിമുഖ്യത്തിൽ നടന്ന ഫുട്ബോൾ ടൂർണമെന്റിൽ യുവദീപ്തി അംഗങ്ങൾ പങ്കെടുക്കുകയും മൂന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

2. **നേത്രചികിത്സാക്യാമ്പ്: 3-6-2018**

പൈക ലയൺസ് ചാരിറ്റബിൾ ട്രസ്റ്റിന്റെയും യുവദീപ്തിയുടെയും സംയുക്താഭിമുഖ്യത്തിൽ നേത്രചികിത്സാ ക്യാമ്പ് നടത്തി. 150 ഓളം പേർ പരിശോധനാക്യാമ്പിൽ പങ്കെടുത്തു.

3. **അർദ്ധവാർഷിക സെനറ്റ്: 15-6-2018**

ചെന്നാക്കുന്ന് ഇടവകയിൽ വച്ചുനടന്ന അർദ്ധവാർഷിക സെനറ്റിൽ യുവദീപ്തി ഭാരവാഹികൾ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

പ്രവർത്തനവർഷത്തിലെ മികച്ച മാർഗ്ഗരേഖയ്ക്ക് ഫൊറോനതലത്തിൽ രണ്ടാം സ്ഥാനം ലഭിക്കുകയുണ്ടായി.

4. **അഭിനന്ദനങ്ങൾ: 24-6-2018**

നമ്മുടെ ഇടവകയിൽ 10, +2 പരീക്ഷകളിൽ full A+ വാങ്ങിയ കുട്ടികളെ അനുമോദിക്കുകയും പുരസ്കാരങ്ങൾ നൽകുകയും ചെയ്തു.

സമ്മാനാർഹർ : അനിറ്റ് വടക്കേമംഗലം
ആഷ്‌ലിൻ തെങ്ങടയിൽ
ഡോണിയ തെക്കേക്കാപ്പിൽ
റോഹൻ വെട്ടിയാങ്കൽ

***സച്ചിൻ കുഴിവേലിൽ (സെക്രട്ടറി)***

## പിതൃവേദി

പിതൃവേദിയുടെ രണ്ട് കമ്മറ്റി യോഗങ്ങൾ കഴിഞ്ഞ മാസത്തിൽ ചേരുകയുണ്ടായി. കുരിശുപള്ളിയിലെ മെയ്മാസ വണക്കസമാപനം 31-5-18 ന് പിതൃവേദിയുടെ ആഭിമുഖ്യത്തിൽ ആഘോഷമായി നടത്തി. തിരുക്കർമ്മങ്ങൾക്കു ശേഷം മധുരപലഹാരങ്ങൾ വിതരണം നടത്തി.

**റ്റി.എം. മാത്തുക്കുട്ടി തൊമ്മിത്താഴെ** (സെക്രട്ടറി)

## കത്തോലിക്കാ കോൺഗ്രസ്

ഇടവക ചരിത്രവും ഇടവക ഡയറക്ടറിയും പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി അഡ്വ. ബോബൻ മണ്ണാറാത്തിന്റെയും ശ്രീ. കെ.വി. മാത്യു കാച്ചപ്പള്ളിയുടെയും നേതൃത്വത്തിൽ രൂപം കൊടുത്ത കമ്മറ്റികൾ ജൂൺ 6-ാം തീയതി യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലതിരുത്തി. പ്രസിദ്ധീകരണത്തിനുവേണ്ട വിഷയങ്ങൾ തിരഞ്ഞെടുത്തുകൊണ്ടിരിക്കുന്നു.

തൃശ്ശൂരിൽ നടന്ന ശതാബ്ദി സമാപന സമ്മേളനത്തിൽ ഇടവകയിൽ നിന്ന് പത്ത് അംഗങ്ങൾ പങ്കെടുത്തു.

പൊൻകുന്നം ഫൊറോനായുടെ കീഴിൽ നെയ്യാട്ടുശ്ശേരിയിൽ കത്തോലിക്കാ കോൺഗ്രസിന്റെ പുതിയ യൂണിറ്റ് രൂപതാ ഡയറക്ടർ ബഹു. മാത്യു പാലക്കുടി അച്ചൻ, വികാരി ഫാ. തോമസ് കിളിരൂപ്പറമ്പിലിന്റെ സാന്നിദ്ധ്യത്തിൽ ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ. ജോമി കൊച്ചുപറമ്പിൽ, ഫൊറോനാ പ്രസിഡന്റ് ശ്രീ. ജോർജ്ജ് കൊച്ചുപുരയ്ക്കൽ, സെക്രട്ടറി ശ്രീ. ജോസ് മാനുവൽ വട്ടയ്ക്കാട്ട്, ഗ്ലോബൽ സമിതി അംഗം ശ്രീ. ജെയിംസ് പെരുമാക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

**ജോസ് മാനുവൽ, വട്ടയ്ക്കാട്ട്** (സെക്രട്ടറി)

## അസോവ

സംഘടനയുടെ പ്രതിമാസ ഡയറക്ടർ ബോർഡ് യോഗം 27-5- 18 ൽ പ്രസിഡന്റ് ശ്രീ. എ.റ്റി. ജോസഫ് അത്യാലിൽ ന്റെ ഭവനത്തിൽ നടത്തപ്പെട്ടു. ഡയറക്ടർ ബഹു. ജോസഫ് വെള്ളമറ്റത്തിൽ അച്ചന്റെയും, ഫാ. തോമസ് ഈറ്റോലിയുടെയും, അസി. വികാർ ഫാ. എബി വാണിയപ്പുരയുടെയും സാന്നിദ്ധ്യത്തിൽ കൂടിയ മീറ്റിംഗിൽ പ്രസിഡന്റ് എ.റ്റി. ജോസഫ് അത്യാലിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു. അനന്തരം നടന്ന എം.ബി.എഫ് സ്കീമിന്റെ നറുക്കെടുപ്പിൽ സ്കീമിലെ ഒന്നാം മെമ്പറായ എ.റ്റി.

ജോസഫ് അത്യാലിൽ വിജയിയായി. പ്രസിഡന്റിന്റെ ജന്മദിന വാർഷി കാഘോഷവും സമുചിതമായി കൊണ്ടാടി. ബഹു. വൈദികർ പ്രാർത്ഥ നാപൂർവ്വം ആശംസകൾ നല്കി. സംഘടനയുടെ പേരിൽ സെക്രട്ടറി പി.സി ചാക്കോ ആശംസകൾ പ്രകാശിപ്പിച്ചു. ബോർഡ് മെമ്പർ ശ്രീ. പി.എം. ജോൺ പന്തിരുവേലിൽ കൃതജ്ഞത പറഞ്ഞു. സ്നേഹ വിരു ന്നോടെ യോഗനടപടികൾ രാത്രി 9 ന് സമാപിച്ചു.

*പി.സി. ചാക്കോ പുളിക്കൽ (സെക്രട്ടറി)*

## ചെറുപുഷ്പ മിഷൻലീഗ്

1. പത്രക്കളക്ഷൻ നടത്തി.
2. പച്ചക്കറി പലചരക്ക് കിറ്റുകൾ വിതരണം ചെയ്തു.

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**



## സി. വൈ. എം. എ.

സംഘടനയുടെ 65-ാമത് വാർഷിക പൊതുയോഗം 24-6-18 ൽ ഡയറക്ടർ റവ. ഫാ. ജോസഫ് വെള്ളമറ്റത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽ ഓഡിറ്റ് റിപ്പോർട്ടും വരവു ചെലവു കണക്കു കളും വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. തുടർന്ന് 2018-19 വർഷ ത്തേയ്ക്കുള്ള പുതിയ ഭരണ സമിതിയുടെ തെരഞ്ഞെടുപ്പും നടന്നു. ഭാരവാഹികളുടെ പേരുകൾ ചുവടേ ചേർക്കുന്നു.

| | | |
|---|---|---|
| പ്രസിഡന്റ് | - | ശ്രീ. റ്റിജോ തേക്കുംതോട്ടം |
| സെക്രട്ടറി | - | ശ്രീ. ജോജി മണിയങ്കേരി |
| ട്രഷറർ | - | ശ്രീ. മാത്യു മാത്യു പന്തിരുവേലി |

ഭരണസമിതി അംഗങ്ങൾ

ശ്രീ. മാത്തുക്കുട്ടി പള്ളിനീരാക്കൽ, റ്റോണി മുട്ടത്തുകുന്നേൽ .എം. ജോൺ പന്തിരുവേലി, അപ്പു പുളിയൻകുന്നേൽ, സോജൻ നടയ്ക്കൽ, സജി മൂക്കിലിക്കാട്ട്, ജോജി കൊട്ടാരത്തിൽ, വി.ഡി. തോമസ് കളരിയ്ക്കൽ, ബിനു തൊമ്മിത്താഴെ, സോണി കുമ്പളപ്പ ള്ളി, ജയൻ ഉറുമ്പടയിൽ, ജിസ്മോൻ ജോർജ് ഇളംപിലക്കാട്ട്.

ജൂലൈ 3-ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 7.30 ന് നടന്ന

പൊതുയോഗത്തിൽവച്ച് പുതിയ ഭരണസമിതി അംഗങ്ങൾ ഡയറക്ടർ റവ. ഫാ. ജോസഫ് വെള്ളമറ്റത്തിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു. ദുക്റാന തിരുനാൾ ദിനമായ അന്ന് തോമസ് നാമധാരികളെ ആദരിയ്ക്കലും തോമസ് നാമധാരികൾ ചേർന്ന് സ്നേഹവിരുന്നും നടത്തി. റവ. ഫാ. തോമസ് ഈറ്റോലിൽ മുഖ്യാഥിതി ആയിരുന്നു.

2018–19 വർഷത്തെ സി.വൈ.എം.എ നേഴ്സറി സ്കൂൾ അദ്ധ്യയന വർഷം ആരംഭിച്ചു.

*റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)*



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. തോമസ് - കുമ്പുക്കൽ
2. സെബാസ്റ്റ്യൻ - കണികുന്നേൽ
3. ജെയിംസ് - കാഞ്ഞിരക്കാട്ട്
4. അന്നമ്മ - ആനിക്കൽ
5. റെയ്ച്ചൽ - കാവാലിമാക്കൽ
6. മരിയ - പുന്നത്താനം
7. റോസ് മരിയ - പുന്നത്താനം
8. മരിയ - കൊള്ളനൂർ
9. മാത്യു - കിളിരൂപ്പറമ്പിൽ
10. അന്ന - കിളിരൂപ്പറമ്പിൽ

## ഓർമ്മകളിലേയ്ക്ക്

1. സാബു - കാഞ്ഞിരത്തുംമൂട്ടിൽ
2. അപ്പച്ചൻ - തേക്കുംതോട്ടം
3. ആന്റണി - വില്ലേടത്ത്
4. ജോസഫ് - പട്ടമനക്കാലായിൽ
5. ഏലിയാമ്മ - മാരോട്ടിപ്പറമ്പിൽ
6. മേരിക്കുട്ടി - കുമ്പുക്കൽ
7. തോമസ് - തുരുത്തിമറ്റം



## നമ്മൾ ഒന്നായി

1. ജോവിൻ - റാണി മുകളേൽ
2. ജോൺപോൾ - അനു ടോം കാരക്കട
3. ഗ്ലാഡ്സൺ - പ്രഫുല്ല വാളനാട്ട്
4. എബിൻ - ജിസ് മരിയ തോണിക്കുഴിയിൽ
5. മനു - അനുപ്രിയ കളപുരയ്ക്കൽ
6. റെനി - മനിത പുന്നത്താനം

## നമ്മുടെ ഇടവകയുടെ 2018 – 2021 കാലയളവിലേയ്ക്കുള്ള പാരിഷ് കൗൺസിൽ അംഗങ്ങൾ

1. റവ. ഫാ. ജോസഫ് വെള്ളമറ്റം
2. റവ. ഫാ. മാത്യു വാണിയപ്പുരയ്ക്കൽ
3. അഡ്വ. പ്രജീഷാ ബിജോയി, വാതല്ലൂർ
4. ജോസഫ് കെ. മാത്യു കല്ലറയ്ക്കൽ
5. സണ്ണി ജോസഫ് എട്ടിയിൽ
6. ഷെറി സക്കറിയാസ് മോളോപ്പറമ്പിൽ
7. ജിസ്മോൻ ഇലംപിലക്കാട്ട്
8. ടോണി കളപ്പുരയ്ക്കൽ
9. ആന്റണി ജോൺ ഉറുമ്പടയിൽ
10. ഷിബു കിളിരൂപ്പറമ്പിൽ
11. ജോജി ജോർജ് മണിയംകേരിൽ
12. ജോജി അബ്രാഹം വട്ടയ്ക്കാട്ട്
13. പോൾ തോമസ് ഇടയ്ക്കലാത്ത്
14. ലാലു തോമസ് കല്ലക്കുളം
15. ജോസ് മാനുവൽ വട്ടയ്ക്കാട്ട്
16. എം.റ്റി. ജോസ് മുകളേൽ
17. റ്റിജോ. ജോർജ് തേക്കുംതോട്ടം
18. ജോർജ് ജോസഫ് വടശ്ശേരിൽ
19. ജോസഫ് ഡൊമിനിക് കോയിപ്പുറത്ത്
20. പി.എം. ജോൺ പന്തിരുവേലിൽ
21. ജെയിംസ് കെ.ഈപ്പൻ അയലൂപ്പറമ്പിൽ
22. പി.സി. ചാക്കോ പുളിയ്ക്കൽ
23. എം.റ്റി. ജോൺ പൂലാനിമറ്റത്തിൽ
24. ജോളി ഷാജി പൂവത്താനിക്കുന്നേൽ
25. ഡെയ്സി ബാബു കൊച്ചുപറമ്പിൽ
26. മേരിക്കുട്ടി ജോസഫ് കുലച്ചിത്തറയിൽ
27. മോളിക്കുട്ടി സെബാസ്റ്റ്യൻ പാലമുറിയിൽ
28. സൂസൻ ജോജി തോട്ടുങ്കൽ
29. സൂസൻ വെട്ടിക്കൊമ്പിൽ
30. ശാന്തമ്മ ചിങ്ങംപറമ്പിൽ
31. നിർമ്മലാ ജോയി മണക്കാട്ട്
32. കുസുമം കെ. തോമസ് ഗോൾഡ്ഹിൽ
33. ജോജി ചെറിയാൻ പുതുമന
34. റോബിൻ കട്ടിക്കാരൻ
35. ലൂസി മുട്ടത്തുകുന്നേൽ
36. ജോസഫ് തോമസ് പൂലാനിമറ്റം
37. ജേക്കബ് തോമസ് കുഴിയ്ക്കാട്ട്
38. ജിതിൻ കോയിപ്പുറം
39. അഡ്വ. ബോബൻ മണ്ണാറാത്ത്
40. എ.റ്റി. ജോസഫ് അത്തിയാലിൽ
41. സി. റാണി കുന്നത്തുപുരയിടം SABS
42. റവ. ഫാ. തോമസ് കിളിരൂപ്പറമ്പിൽ
43. അബ്രാഹം കോയിപ്പുറത്ത്
44. ബോബൻ തോമസ് അത്തിയാലിൽ
45. ചെറിയാൻ പഴൂർ
46. ജോസഫ് ഉറുമ്പിൽ
47. കെ.റ്റി തോമസ് കതയനാട്ട്
48. മാത്തുക്കുട്ടി തൊമ്മിത്താഴെ
49. മോളിക്കുട്ടി തോമസ് ഒരപ്പാൻചിറ
50. സജി ഇലവുങ്കൽ
51. വർഗീസ് മുതുപ്ലാക്കൽ

### ആഡിറ്റർമാർ

1. തോമസ് ആന്റണി കുഴിക്കാട്ട്
2. മാത്യു മാത്യു മംഗലത്തിൽ

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

# *മീറ്റിങ്ങുകളെ സംബന്ധിച്ചുള്ള നിയമം.*

(തുടർച്ച......)

യോഗം നടത്തുന്നതിനുമുമ്പായി അറിയിപ്പുകൊടുക്കണം. പൊതു സമ്മേളനങ്ങൾ നടത്തുന്നു പരസ്യം ചെയ്തോ, പത്രത്തിൽ വാർത്ത കൊടുത്തോ പോസ്റ്ററുകൾ ഒട്ടിച്ചോ നോട്ടീസ് വിതരണം ചെയ്തോ അറിയിപ്പുകൾ കൊടുക്കാറുണ്ട്. എന്നാൽ ഏതെങ്കിലും സംഘടനകളുടെ അംഗങ്ങൾ പൊതുയോഗം കൂടുമ്പോൾ നോട്ടീസ് കൊടുക്കേണ്ടത് ആ സംഘടനയുടെ നിയമാവലി അനുസരിച്ചായിരിക്കണം. രേഖാമൂലം എല്ലാ അംഗങ്ങൾക്കും ഇത്ര ദിവസം മുൻകൂട്ടി നോട്ടീസ് കൊടുത്തിരിക്കണമെന്നുണ്ടെങ്കിൽ ആ വ്യവസ്ഥ പാലിച്ചിരിക്കണം.

നോട്ടീസിനെപ്പറ്റിയുള്ള പൊതുനിയമങ്ങൾ താഴെപ്പറയുന്നവയാണ്.

1. പ്രായോഗികമാകുന്നിടത്തോളം യോഗത്തിൽ സംബന്ധിക്കുവാൻ അവാകശമുള്ള എല്ലാവർക്കും നോട്ടീസ് കൊടുത്തിരിക്കണം.
2. നോട്ടീസ് വളരെ വ്യക്തമായിരിക്കണം. സമയവും മറ്റും കൃത്യമായി കാണിച്ചിരിക്കണം.
3. മീറ്റിങ്ങ് വിളിച്ചുകൂട്ടുന്ന ആൾ ആരാണെന്നും വ്യക്തമാക്കിയിരിക്കണം. അതിൽ അയാൾ ഒപ്പിട്ടിരിക്കണം.
4. എന്തെങ്കിലും പ്രത്യേക വിഷയങ്ങൾ പരിഗണിക്കുവാനുണ്ടെങ്കിൽ അതെടുത്തു പറഞ്ഞിരിക്കണം.
5. നോട്ടീസ് സംഘടനയുടെ നിയമാവലി അനുശാസിക്കുന്ന വിധത്തിൽ അംങ്ങൾക്കും കൊടുത്തിരിക്കണം.
6. ക്രമാനുസൃതമല്ലാതെ കൊടുക്കുന്ന നോട്ടീസ് പിന്നീടു കൂടുന്ന യോഗത്തിനു യുക്തമെന്നു തോന്നിയാൽ അംഗീകരിക്കാം.

മീറ്റിങ്ങ് മറ്റൊരു തീയതിയിലേക്കു മാറ്റിവച്ചതായി യോഗത്തിൽ തീരുമാനിച്ചാൽ പിന്നീട് നോട്ടീസ് കൊടുക്കേണ്ട ആവശ്യമില്ല. അതിന് ad-journed meeting എന്നു പറയും. രണ്ടാമത്തെ മീറ്റിങ്ങ് ആദ്യത്തെ മീറ്റങ്ങിന്റെ തുടർച്ചയായിട്ടാണ് പരിഗണിക്കുക. എന്നാൽ അനിശ്ചിതകാലത്തേക്ക് sinedine മീറ്റിങ്ങ് മാറ്റിവെച്ചാൽ വീണ്ടും നോട്ടീസ് കൊടുക്കണം.

നോട്ടീസിൽ സ്പഷ്ടമായി കാണിച്ചിരിക്കേണ്ട മറ്റൊരു സംഗതി **വിഷയ വിവരമാണ്.** ചർച്ചചെയ്യപ്പെടുവാൻ പോകുന്ന വിഷയങ്ങളെപ്പറ്റി അംഗങ്ങൾക്ക് നേരത്തേ അറിവു കൊടുത്തിരിക്കണം. അജണ്ടായിൽ പരാമർശിച്ചിട്ടില്ലാത്തതും എന്നാൽ വിശേഷാൽ പ്രാധാന്യമുള്ളതുമായ സംഗതികൾ യോഗത്തിൽ പരിഗണ നയ്ക്കെടുക്കുവാൻ പാടില്ല.

യോഗനടപടികളെക്കുറിച്ചുള്ള ഏക രേഖ **മിനിറ്റ്സ്** ആണ്. യോഗ തീരുമാനങ്ങൾ അതേപടി മിനിറ്റ്സിൽ രേഖപ്പെടുത്തിയിക്കണം. തീരുമാനങ്ങൾക്ക് അടിസ്ഥാനമായ ചർച്ചകളെപ്പറ്റി സാമാന്യം സംഗ്രഹിച്ച് എഴുതണം. ആർക്കും സുഗ്രാഹ്യമായ വിധത്തിലാണ് മിനിറ്റ്സ് എഴുതേണ്ടത്. പ്രധാന വസ്തുതകൾ വിട്ടുകളയാൻ പാടില്ല. ഹാജരായിട്ടുള്ള അംഗങ്ങളുടെ വിവരം മിനിറ്റ്സിലോ അതിലേക്കായി പ്രത്യേകം വച്ചിട്ടുള്ള ഹാജർപുസ്തത്തിലോ രേഖപ്പെടുത്താം. അദ്ധ്യക്ഷൻ മിനിറ്റ്സിൽ ഒപ്പിടണം. ഒരു യോഗത്തിലെ മിനിറ്റ്സ് അടുത്ത യോഗത്തിൽ വായിച്ച് അംഗീകരിക്കുന്നുവെങ്കിൽ ആ യോഗത്തിലെ അദ്ധ്യക്ഷന് (കഴിഞ്ഞ യോഗത്തിലെ അദ്ധ്യക്ഷൻ മറ്റൊരാളാണെങ്കിലും) ആദ്യയോഗത്തിലെ മിനിറ്റ്സ് ഒപ്പിടാം. അദ്ധ്യക്ഷൻ ഒപ്പിട്ടതിനുശേഷം മിനിസ്റ്റിൽ യാതൊരു തിരുത്തലുകളും ചെയ്യുവാൻ പാടില്ല. പിശകു സംഭവിച്ചിട്ടുണ്ടെങ്കിൽ അടുത്ത മീറ്റിങ്ങിന്റെ ശ്രദ്ധയിൽ അതു കൊണ്ടുവരികയും തീരുമാനം എടുക്കുകയും ചെയ്യണം. ഒരു യോഗത്തിൽ പാസ്സാക്കിയ തീരുമാനം അതേ യോഗത്തിൽ റദ്ദു ചെയ്യാൻ പാടില്ല ആ വിഷയവും കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് പിന്നീട് മീറ്റിങ്ങ് വിളിച്ചു കൂട്ടേണ്ടതാണ്.

**<u>വോട്ടിങ്ങ്</u>**: യോഗങ്ങളിൽ വച്ചു തീരുമാനമെടുക്കുമ്പോൾ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവാം. അപ്പോൾ ആ തീരുമാനത്തിന് എത്രപേർ അനുകൂലമാണെന്നും എത്രപേർ പ്രതികൂലമാണെന്നും കണക്കെടുക്കേണ്ടിവരും അതിനാണ് വോട്ടിങ് എന്നു പറയുന്നത്. വോട്ടിങ് നടത്തുന്ന സമ്പ്രദായത്തെപ്പറ്റി നിയമാവലിയിൽ പ്രത്യേകിച്ചു വ്യവസ്ഥകളില്ലെങ്കിൽ കൈപൊക്കിക്കാണിച്ചാണ് വോട്ടെടുപ്പു നടത്തേണ്ടത്. വോട്ടുകൾ തുല്യമായി വന്നാൽ അദ്ധ്യക്ഷൻ പ്രമേയം പരാജയ പ്പെടാതിരിക്കുന്നതിന് അനുകൂലമായി വോട്ടു ചെയ്യുന്നതിനാണ് Casting vote എന്നു പറയുന്നത്. ഈ അധികാരം ഉപയോഗിക്കുന്നതിന് സംഘടനയുടെ ചട്ടങ്ങളിൽ പ്രത്യേകം വ്യവസ്ഥ ഉണ്ടായിരിക്കണം. വ്യവസ്ഥ ഇല്ലെങ്കിൽ അദ്ധ്യക്ഷന് വോട്ടു ചെയ്യുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതല്ല. വോട്ടുചെയ്യുന്നതിന് താഴെപ്പറയുന്ന സമ്പ്രദായങ്ങൾ പ്രധാനമായും ഉപയോഗിച്ചു പോരുന്നു.

1. **<u>ശബ്ദവോട്ട്</u>**: ഏകകണ്ഠമായ തീരുമാനങ്ങൾ ശബ്ദവോട്ട് അനുസരിച്ചാണ് പാസ്സാക്കിയതായി പരിഗണിക്കുന്നത് . Acclamation എന്ന വാക്കിന്റെ അർത്ഥം 'a shouting at' എന്നാണ്.
2. **<u>കൈ പൊക്കുക</u>**: അനുകൂലിക്കുന്നവർ കൈ പൊക്കുന്നതിന് ആവശ്യ പ്പെടുകയും അതിനുശേഷം ഭൂരിപക്ഷംപേരും അനുകൂലിച്ചുവെന്ന അദ്ധ്യക്ഷന് ബോധ്യമായാൽ പ്രമേയം പാസ്സായതായി പ്രഖ്യാപിക്കുകയും ചെയ്യാം. Poll ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അപ്പോൾത്തന്നെ ആവശ്യപ്പെടാം Poll ആവശ്യപ്പെട്ടാൽ അനകൂലവും പ്രതികൂലമായ വോട്ടുകൾ തിട്ടപ്പെടുത്തി ഫലം പ്രഖ്യാപിക്കേണ്ടതാണ്.

അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും ഓരോ ഗ്രൂപ്പുകളായി തിരിഞ്ഞ് തങ്ങളുടെ മനോഭാവം വ്യക്തമാക്കുന്ന സമ്പ്രദായമാണ് <u>ഗ്രൂപ്പുകളായി</u> വിഭജിക്കുക

കടലാസിൽ തങ്ങളുടെ സമ്മതം രേഖപ്പെടുത്തുന്ന സമ്പ്രദായമാണ് ബാലറ്റ് (Ballot) ഇതു രഹസ്യമായി നടത്തുന്നതിന് Secret Ballot എന്നു പറയുന്നു.

കൈ പൊക്കിക്കാണിക്കുന്നത് ഒരു അഭിപ്രായ പ്രകടനം മാത്രമാണ്. പോൾ ആവശ്യപ്പെട്ടാൽ അതനുസരിച്ച് വോട്ടീങ് രേഖപ്പെടുത്തിയും വോട്ടിന്റെ എണ്ണം കണക്കാക്കിയും തീരുമാനം പ്രഖ്യാപിക്കേണ്ടതാണ്. പോൾ ആവശ്യപ്പെട്ടു കഴിഞ്ഞാൽ അപ്പോൾത്തനെ തിരഞ്ഞെടുപ്പ് ആരംഭിച്ചതായി പരിഗണിക്കും. അപ്പോൾ സന്നിഹിതരായിട്ടില്ലെങ്കിൽ കൂടി വോട്ടു ചെയ്യുവാനവകാശമുള്ള എല്ലാ അംഗങ്ങൾക്കും പോൾ ആവശ്യപ്പെട്ടുകഴിഞ്ഞാൽ വോട്ടു രേഖപ്പെടുത്തുവാൻ അവസരം കൊടുക്കേണ്ടതാണ്. അന്നു തന്നെ പോൾ നടത്തുന്നതിന് സൗകര്യം മുണ്ടെങ്കിൽ വോട്ടു രേഖപ്പെടുത്തി ഫലപ്രഖ്യാപനം നടത്താവുന്നതാണ്.

**കമ്മറ്റികൾ**

മീറ്റിങ്ങുകളിലെടുക്കുന്ന തീരുമാനത്തിന് Resolution എന്നും ചർച്ചയ്ക്ക് motion എന്നും പറയുന്നു. ഭരണപരമായ സൗകര്യത്തിനുവേണ്ടി പലകാര്യങ്ങളും കമ്മിറ്റികളെ ചുമതലപ്പെടുത്താറുണ്ട്.

കമ്മിറ്റികൾ ഇപ്രകാരമാണ്.

1. ജനറൽ അഥവാ എക്സിക്യൂട്ടീവ് കമ്മറ്റി, 2.സ്റ്റാൻഡിങ് കമ്മറ്റി, 3.സ്പെഷ്യൽ കമ്മറ്റി, 4.സബ്ബ് കമ്മറ്റി, 5.ജോയിന്റ് കമ്മറ്റി.

ഒരു സംഘടനയുടെ ഭരണം അതിലെ എല്ലാ അംഗങ്ങൾക്കും കൂടി നേരിട്ടു നടത്തുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഭരണ നിർവ്വഹണത്തിലേക്ക് അവർ തിരിഞ്ഞെടുക്കുന്ന പ്രതിനിധികളടങ്ങുന്ന സമിതിക്കാണ് ജനറൽ അഥവാ എക്സിക്യൂട്ടീവ് കമ്മിറ്റി എന്നു പറയുന്നത്. നിർദ്ദിഷ്ട കാര്യങ്ങൾക്കുവേണ്ടി കാലാകാലം പ്രവർത്തിക്കുന്ന കമ്മിറ്റിയാണ് സ്റ്റാൻഡിങ്ങ് കമ്മിറ്റി. അവരുടെ പ്രവർത്തനം ജനറൽ കമ്മിറ്റി അംഗീകരിക്കേണ്ടതുണ്ട്. ഒരു പ്രത്യേകാവശ്യത്തിനുവേണ്ടി സംഘടിപ്പിക്കുന്നതാണ് സ്പെഷ്യൽ കമ്മിറ്റി. ആ ആവശ്യം കഴിയുന്നതോടെ കമ്മിറ്റിയുടെ കാലാവധിയും തീരുന്നു.

എക്സിക്യൂട്ടീവ് കമ്മിറ്റി അന്വേഷണം നടത്തി ബോധ്യപ്പെടേണ്ട പല പ്രശ്നങ്ങളുമുണ്ടാവാം. എല്ലാവരും ചേർന്ന് അന്വേഷണം നടത്തുകയെന്നുള്ളത് പലപ്പോഴും സാധ്യമാകാതെവരും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ വിശദമായ അന്വേഷണങ്ങൾ നടത്തുന്നതിന് ഏതാനും പേരെ നിയോഗിക്കുന്നു. അങ്ങനെ നിയോഗിക്കപ്പെടുന്നവരാണ് സബ്ബ് കമ്മിറ്റി അംഗങ്ങൾ. സബ്ബ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്.

വിവിധ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് പൊതുവായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ ഓരോ വിഭാഗത്തെയും പ്രതിനിധികരിച്ച് അംഗങ്ങളെ നിർദ്ദേശിക്കുന്നു. എല്ലാ വിഭാഗങ്ങളെയും പ്രതിനിധികരിച്ചുള്ള മൊത്തം സമിതിക്ക് ജോയിന്റ് കമ്മിറ്റ് എന്നാണ് പറയുന്നത്. വിവിധ സംഘടനകളെ മൊത്തത്തിൽ പ്രതിനിധീകരിക്കുന്നതും ജോയിന്റ് കമ്മിറ്റിയാണ്. മേൽ വിവരിച്ച വിവിധ സമിതികൾക്ക് പ്രധാന നിർവ്വാഹക സമിതിയോടും, നിർവ്വാഹസമിതിക്ക് പൊതുയോഗംത്തോടും എപ്പോഴും ഉത്തരവാദിത്വമുണ്ടായിരിക്കും.


weddding
26-05-2018
Manu
&
Anu
Kalappurackal
Ponkunnam


സ്നേഹസ്മരണയ്ക്ക്
3-ാം ചരമവാർഷികം
മറിയം തോമസ്
കാലായിൽ
മരണം: 3-7-2015
നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നെയും സ്മരിക്കണമെ.


Oasis Leisure Tours
എയർ ടിക്കറ്റ്
ബസ് ടിക്കറ്റ്
ട്രെയിൻ ടിക്കറ്റ്
വിസിറ്റിംഗ് വിസ
ഹൗസ് ബോട്ട് ബുക്കിംഗ്
പാസ്പോർട്ട്
ടൂർ പാക്കേജ്
TURKISH
DAILY TRIPS TO BANGALORE, CHENNAI
എല്ലാ വെള്ളിയാഴ്ചകളിലും വേളാങ്കണ്ണി തീർത്ഥാടനം
Kalappurackal Building, P.P. Road, Ponkunnam
04828 222416,09447 356651